# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *254 — 19/06/2014 ൽ മറുപടിക്ക്

### യൂണിഫോം വിതരണത്തിലുള്ള പാളിച്ചകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>,, ജോസ് തെറ്റയിൽ<br>,, സി. കെ. നാണു<br>ശ്രീമതി ജമീലാ പ്രകാശം | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) 2013-14 അദ്ധ്യയന വർഷം സ്കൂൾ യൂണിഫോം വിതരണത്തിലുണ്ടായ പാളിച്ചകൾ പരിശോധിച്ചിട്ടുണ്ടോ. | എ) പദ്ധതി നടത്തിപ്പും യൂണിഫോം വിതരണവും പരിശോധിക്കപ്പെട്ടിട്ടുണ്ട് നിലവിൽ എസ്.എസ്.എ പദ്ധതിയിൽ സർക്കാർ സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ എ.പി.എൽ ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് നൽകിവരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി അതേ കാറ്റഗറിയിൽ ഉൾപ്പെടുന്ന എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൂടി വിപുലപ്പെടുത്തി നടപ്പിലാക്കുകയാണുണ്ടായത് ആദ്യ സംരംഭം എന്ന നിലയിൽ 2013-14 ൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി യൂണിഫോം വിതരണം, അദ്ധ്യയന വർഷം ഒടുവിൽ മാത്രമേ ആരംഭിക്കാൻ കഴിഞ്ഞുള്ളൂ |
| ബി) യൂണിഫോം വിതരണത്തിലുണ്ടായ പാളിച്ചകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | ബി) & സി) ഉദ്യോഗസ്ഥർ കൃത്യവിലോപം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് മേഖലയിലെ മുഴുവൻ സ്കൂളുകളിലും നടപ്പാക്കുന്ന ആദ്യസംരംഭമെന്ന നിലയിൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ (APL/BPL) കണക്ക് ശേഖരിക്കുന്നതിനും, ഗുണമേന്മയുള്ള തുണിത്തരങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് കമ്പനികളെ എംപാനൽ ചെയ്യുന്നതിനുമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ സമയം വേണ്ടിവന്നു. ഈ പദ്ധതി ആദ്യമായി സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കുന്നതിനാൽ നടപടി ക്രമങ്ങൾ കൃത്യമായി പാലിച്ച് കമ്പനികളെ എംപാനൽ ചെയ്യതിനാലാണ് കാലതാമസം നേരിട്ടത്. ആദ്യസംരംഭമെന്ന നിലയിലുള്ള സ്വാഭാവിക കാലതാമസം മാത്രമേ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളൂ. |
| സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ